വയനാട് നടപ്പാക്കിയ നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാം പ്രവർത്തനങ്ങളിൽ ഉണ്ടായ ക്രമക്കേടുകൾ

130 [3386] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാം അനുസരിച്ച് നടത്തിയ പ്രവൃത്തികളിൽ ക്രമക്കേടുണ്ടെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) നാഷണൽ ഫുഡ് ഫോർ വർക്ക് പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയാണ്; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) ക്രമക്കേടിനെക്കുറിച്ച് കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ കളക്ടറുടെ റിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) വയനാട് ജില്ലയിൽ നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാം പ്രകാരം എത്ര പ്രവൃത്തികൾ നടത്താൻ തീരുമാനിച്ചു; എത്രയെണ്ണം ആരംഭിച്ചു; ക്രമക്കേടിന്റെ പേരിൽ എത്ര പ്രവൃത്തികൾ നിർത്തിവച്ചു; നിർത്തിവച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്ര;

(ജി) മേൽ പ്രവൃത്തികൾ പ്രസ്തുത പദ്ധതിപ്രകാരം നടത്തുന്നതിന് തീരുമാനിച്ചത് ആരാണ്; ഭരണാനുമതി നൽകിയത് ആര്; വ്യക്തമാക്കുമോ;

(എച്ച്) ജില്ലാതല വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പദ്ധതിപ്രകാരം ഏറ്റെടുത്ത ചെക്ക് ഡാമുകളുടെ പ്രവൃത്തികൾ സാങ്കേതിക സമിതിയുടെ പരിശോധനയ്ക്കായി നിറുത്തിവയ്ക്കാൻ സർക്കാർ നിർദ്ദേശം നൽകി. സമിതിയുടെ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടില്ല. കൂടാതെ സർക്കാർ തലത്തിലും അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജലസംരക്ഷണം, വനവൽക്കരണം ഉൾപ്പെടെയുള്ള വരൾച്ച നിർമ്മാർജ്ജന പദ്ധതികൾ, ഭൂവികസനം, വെള്ളപ്പൊക്കനിയന്ത്രണ/നിവാരണ പരിപാടികൾ, റോഡുബന്ധമില്ലാത്ത ഗ്രാമ പ്രദേശങ്ങളെ പ്രധാനറോഡുമായി ബന്ധപ്പെടുത്തുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണം എന്നീ പദ്ധതികളുടെ ഒരു പഞ്ചവർഷ പരിപ്രേക്ഷ്യ പദ്ധതി ജില്ലാ കളക്ടർ തയ്യാറാക്കണം. വിദഗ്ദ്ധ ഏജൻസിയുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ തരത്തിലുള്ള ഓരോ പ്രദേശത്തിനും അനുയോജ്യവും ആവശ്യമുള്ളതുമായ പദ്ധതികൾ വിവിധ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, ബന്ധപ്പെട്ട എം. പി., എം. എൽ. എ. എന്നിവരുമായി ആലോചിച്ച് കണ്ടെത്തേണ്ടതാണ്. പഞ്ചവർഷ പദ്ധതിക്ക് രൂപം നൽകി അംഗീകാരം ലഭിക്കുന്നതുവരെ മേൽപ്പറഞ്ഞ ഇനം പരിപാടികൾ മുൻഗണനാക്രമം നിശ്ചയിച്ച് ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്.

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ഉണ്ടായ ആക്ഷേപങ്ങളെ തുടർന്ന് 174 തടയണകളെ സംബന്ധിച്ച് പരിശോധന നടത്തുവാൻ ഒരു സാങ്കേതിക സമിതിയെ ചുമതലപ്പെടുത്തി. ഈ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ജില്ലാതല വിജിലൻസ് ആന്റ് മോണിട്ടറിംഗ് കമ്മറ്റിയുടെ ശുപാർശ അനുസരിച്ച് ഗ്രാമ വികസന വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായി അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറി നൽകിയ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഇ) പദ്ധതി നടത്തിപ്പിനെപ്പറ്റി മാദ്ധ്യമങ്ങളിൽ വന്ന ആക്ഷേപങ്ങളെ സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ ഗവൺമെന്റ് ആവശ്യപ്പെട്ട പ്രകാരം 21-6-2005-ൽ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു:

ജില്ലാ കളക്ടർ 17.42 കോടി രൂപ അടങ്കൽ തുക വരുന്ന 286 പണികൾക്ക് ഭരണാനുമതി നൽകി. ഇവ നടപ്പിലാക്കുന്നതിന് ത്രിതല പഞ്ചായത്തുകളെ ചുമതലപ്പെടുത്തി. 184 പണികളുടെ കരാർ ഉറപ്പിച്ചു. ആകെയുള്ളതിൽ 174 എണ്ണം ചെക്ക് ഡാമുകളും, 112 എണ്ണം മറ്റു പണികളുമാണ്. സർക്കാർ നിർദ്ദേശമനുസരിച്ച് എഞ്ചിനീയർമാരുടെ സമിതി 102 ചെക്കു ഡാമുകൾ പരിശോധിക്കുകയും അതിൽ 14 എണ്ണം സാങ്കേതികമായി നടപ്പിലാക്കുവാൻ സാധ്യതയില്ലാത്തതിനാൽ ഉപേക്ഷിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. ഇതോടൊപ്പം ജില്ലയിലെ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി 17-5-2005-നും 21-5-2005-നും യോഗം ചേരുകയും ഈ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുകയും ഉണ്ടായി. കമ്മറ്റിയംഗങ്ങൾ ഫീൽഡ് തലത്തിൽ പണികൾ നേരിട്ട് പരിശോധിക്കുകയും 20-6-2005-ൽ നൽകിയ റിപ്പോർട്ടു പ്രകാരം 21 പണികളുടെ നടത്തിപ്പ് മാറ്റിവയ്ക്കണമെന്നും 26 പണികളുടെ അടങ്കൽ പുതുക്കി നിശ്ചയിക്കണമെന്നും ശുപാർശ ചെയ്തു. മറ്റു 13 പണികൾക്ക് നീക്കിവച്ച തുക അധികമാണെന്നും ഇവയുടെ അടങ്കൽ തുക കുറവു ചെയ്യണമെന്നും കമ്മിറ്റി നിർദ്ദേശിച്ചതായി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇതിന്റെ വെളിച്ചത്തിൽ ഗവൺമെന്റ് നിറുത്തലാക്കാൻ നിർദ്ദേശിച്ച പണികളിൽ നടപ്പിലാക്കാവുന്നവ വീണ്ടും തുടങ്ങാൻ അനുവദിക്കണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആകെ 286 പ്രവൃത്തികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചു. അവയിൽ 105 എണ്ണം ആരംഭിച്ചു. സാങ്കേതിക പരിശോധനയ്ക്കായി 174 തടയണകളുടെ നിർമ്മാണം നിർത്തിവയ്ക്കുവാൻ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 21-5-2005-ലെ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ നിർത്തിവയ്ക്കുവാൻ ഡി. ആർ. ഡി. എ. നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവയുടെ എസ്റ്റിമേറ്റ് തുക 1666.75 ലക്ഷം രൂപയാണ്.

(ജി) വയനാട് ജില്ലാ കളക്ടറാണ് പ്രവൃത്തികൾ ഏറ്റെടുക്കുവാൻ തീരുമാനിച്ചതും ഭരണാനുമതി നൽകിയതും.

(എച്ച്) ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ താഴെ പറയുന്നവരാണ്:

ശ്രീ. എം. പി. വീരേന്ദ്രകുമാർ, എം. പി., ചെയർമാൻ.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, എം. പി., കോ-ചെയർമാൻ.

ജില്ലാ കളക്ടർ, വയനാട്, മെമ്പർ സെക്രട്ടറി.

ജില്ലയിലെ എം. എൽ. എ.-മാർ.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്.

ജില്ലാ പഞ്ചായത്ത് സെക്രട്ടറി.

പ്രസിഡന്റ്, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്.

പ്രസിഡന്റ്, സുൽത്താൻബത്തേരി, ബ്ലോക്ക് പഞ്ചായത്ത്.

പ്രസിഡന്റ്, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്.

പ്രോജക്ട് ഓഫീസർ, ഡി. ആർ. ഡി. എ. വയനാട്.

ശ്രീ. പി. എ. മുഹമ്മദ്, എൻ. ജി. ഒ. പ്രതിനിധി.

ശ്രീ. കെ. ജെ. ദേവസ്യ, ഗവൺമെന്റ് നോമിനി.

ശ്രീ. എൽ. കെ. റഷീദ്, സാമൂഹ്യ പ്രവർത്തക പ്രതിനിധി.

ശ്രീ. കെ. എ. രാമൻകുട്ടി, പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധി. കൂടാതെ ചെയർമാൻ നിർദ്ദേശിക്കുന്ന ഒരു വനിതാ പ്രതിനിധി. കേന്ദ്രസർക്കാർ പ്രതിനിധിയും രാജ്യസഭാംഗവും കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

സെറിഫെഡ് കൈത്തറിമേഖലയിൽ നടപ്പാക്കുന്ന പദ്ധതി

131 [3387] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly